പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3604 | 15.03. 2018 ൽ മറുപടിക്ക്

## കുടിശ്ശികയിൽ ഇളവ്

ചോദ്യം

ശ്രീ.ആർ.രാജേഷ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി ക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുകയിൽ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (എ)കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക ഈടാക്കുന്നതിനു വേണ്ടി റഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കി വരുന്നു.<br><br>കാലാകാലങ്ങളിൽ ഉണ്ടായ കുടിശ്ശികകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ദൈനംദിന നടത്തിപ്പിനു വായ്പ എടുക്കേണ്ടി വരുന്നു. കൂടാതെ അത്തരം കുടിശ്ശികകൾ കിട്ടാക്കടങ്ങളായി (Bad debt) തീരുന്നതിനും സാധ്യതയുണ്ട്. അതുകൊണ്ട് പലിശ ബാധ്യത കുറയ്ക്കുന്നതിനും കിട്ടാക്കടമായി തീരുന്നത് ഒഴിവാക്കുന്നതിനും ആണ് റഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പാക്കുന്നത്. കുടിശ്ശിക തുകയുടെ പലിശ കുറച്ചു നൽകുകയും മുതലും പലിശയും അടയ്ക്കുന്നതിനു തവണകൾ അനുവദിക്കുകയും ആണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ